# ഇടവകസമിതി തെരഞ്ഞെടുപ്പ് 2016– 2018

## വിജ്ഞാപനം

*Prot. No. 02/2016/P.L.*

വന്ദ്യ വൈദികരെ, സന്ന്യസ്തരെ, വത്സല മക്കളെ,

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സമാപനത്തിന്റെ അരനൂറ്റാണ്ട് (2015 ഡിസംബർ 8) പൂർത്തിയാക്കി കാരുണ്യത്തിന്റെ അസാധാരണ ജൂബിലിയിലേക്ക് (8-12-2016) നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന് തുടക്കം കുറിച്ച ജോൺ 23-ാമൻ മാർപാപ്പ സൂചിപ്പിച്ച *'ecclesia semper reformanda est'* 'സഭയെന്നും നവീകരിക്കപ്പെടേണ്ടതാണ്' 'അങ്ങനെ നവീകൃതയായി നവോന്മേഷത്തോടെ' (പോപ്പ് ഫ്രാൻസിസ്) സ്വർഗ്ഗീയ പിതാവിന്റെ കരുണയുടെ മുഖമായി പ്രകൃതിയോടും നമ്മുടെ സഹോദരങ്ങളോടും സമസ്ത ജീവജാലങ്ങളോടും കരുണകാണിക്കുവാൻ വേണ്ടിയാണ് സഭ രൂപീകൃതയായിട്ടുള്ളത്. യേശുവിന്റെ കരുതലും കരുണയും നമ്മൾ ജീവിക്കുന്ന ഇടങ്ങളിൽ വിവിധങ്ങളായ ശുശ്രൂഷകൾ ചെയ്തുകൊണ്ട് നമുക്ക് പ്രകാശിപ്പിക്കാം.

'ഇടവക ആലോചനാസമിതികൾ' കാല്ത്തിന് അനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമാകുക സ്വാഭാവികമാണ്. നിയമങ്ങൾ കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാകുമ്പോൾ നമ്മുടെ സേവനങ്ങൾ സഭയുടെ വളർച്ചയ്ക്ക് ഒത്തിരി ആവശ്യമായി വരുന്നു. കൂടുതൽ വിശുദ്ധീകരിക്കപ്പെടുന്നതിനും വിശുദ്ധിയിൽ വളരുന്നതിനും പുതിയ മാറ്റങ്ങൾ ഹൃദയത്തിൽ സ്വീകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഒരേ വീക്ഷണവും സംവിധാനവുമുള്ള പങ്കാളിത്ത സഭ രൂപപ്പെടുത്തണമെന്ന് കെ.ആർ.എൽ.സി.ബി.സി.യുടെ തീരുമാനപ്രകാരം കേരളത്തിലെ എല്ലാ ലത്തീൻ രൂപതകളോടുമൊപ്പം നമ്മുടെ രൂപതയിലും ഏകീകൃത ശുശ്രൂഷാക്രമം നിലവിൽ വരുന്നതിന്റെ ഭാഗമായി നിലവിലുള്ള നാല് ശുശ്രൂഷാ സമിതികൾക്ക് പകരം **വിശ്വാസജീവിത ശുശ്രൂഷ, കുടുംബപ്രേഷിത ശുശ്രൂഷ, സാമൂഹിക സേവന ശുശ്രൂഷ, വിദ്യാഭ്യാസ ശുശ്രൂഷ, യുവജന ശുശ്രൂഷ, അല്മായ ശുശ്രൂഷ** എന്നിങ്ങനെ ആറ് ശുശ്രൂഷാസമിതികൾ നിലവിൽ വരുന്നതാണ്. സഭയിലെ വിവിധ ശുശ്രൂഷകൾ അവ വിഭാവനം ചെയ്ത രീതിയിലും ലക്ഷ്യമാക്കുന്ന പ്രവർത്തനങ്ങളിലൂടെയും സജീവമാകുന്നതോടെ കുടുംബയൂണിറ്റുകളും ഇടവകയും രൂപതയിലെ വിവിധ ശുശ്രൂഷകളും വൈദിക-സന്ന്യസ്ത-അല്മായ പങ്കാളിത്തത്തോടെ സമൂഹത്തിൽ ക്രിസ്തു സാക്ഷ്യമായി മാറും.

ദൈവജനത്തെ സഭാപ്രവർത്തനങ്ങളുടെ എല്ലാ മേഖലകളിലും സജീവ പങ്കാളികളാക്കുക എന്ന അജപാലന പ്രക്രിയയാണ് കേരള ലത്തീൻ സഭയിൽ അവലംബിച്ചിരിക്കുന്നത്. സുവിശേഷ മൂല്യങ്ങൾ ഉൾക്കൊണ്ട് വിശ്വാസ ചൈതന്യത്താൽ പ്രേരിതരായി ദൈവരാജ്യ നിർമ്മിതിയ്ക്കായി സഭയെ സ്നേഹിക്കുന്ന, സമയവും കഴിവും താല്പര്യവും കാര്യപ്രാപ്തിയും ഉള്ള അല്മായർ മുന്നോട്ട് വരുന്നു എന്നത് ആശാവഹമാണ്.

**2016 ഫെബ്രുവരി 7-ന് പരിഷ്ക്കരിച്ച 'ഇടവക ആലോചനസമിതികൾ, നിയമാവലിയും മാർഗ്ഗനിർദ്ദേശങ്ങളും' പ്രാബല്യത്തിൽ വരുന്നതാണ്.** നിലവിലിരിക്കുന്ന നിയമാവലി ഇതോടെ അപ്രസക്തമാകുന്നതും ഇക്കൊല്ലം നടത്തുന്ന തെരഞ്ഞെടുപ്പും മറ്റു പ്രവർത്തനങ്ങളും പുതിയ നിയമാവലിയുടെ വെളിച്ചത്തിലായിരിക്കുമെന്നും അറിയിക്കുന്നു.

ഈ സർക്കുലർ പരസ്യപ്പെടുത്തുന്നതോടെ 2016-18 വർഷങ്ങളിലേക്കുള്ള **അജപാലന സമിതിയുടെയും, ശുശ്രൂഷാ സമിതികളുടെയും കുടുംബയൂണിറ്റ് ആനിമേറ്റർമാരുടെയും, ധനകാര്യ സമിതിയുടെയും, ഇടവക പൊതുയോഗ അംഗങ്ങളുടെയും** തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കുന്നു. വരുന്ന രണ്ടു ഞായറാഴ്ചകളിൽ കുർബാനമദ്ധ്യേ ഓരോ സമിതിയുടെയും ഉദ്ദേശ ലക്ഷ്യങ്ങളും കുടുംബ കൂട്ടായ്മയുടെ ആവശ്യകതയും ഇടവക വികാരി വിശദീകരിക്കേണ്ടതാണ്. എല്ലാ ഇടവകകളിലും **2016 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ യൂണിറ്റ് - വാർഡ് - ഇടവകതല തെരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടതാണ്. ഏപ്രിൽ 6-നകം രൂപതാ കൂരിയായുടെ അംഗീകാരം വാങ്ങിയിരിക്കണം. ഏപ്രിൽ 10-ന് ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ ഇടവകകളിലും പുതിയ അജപാലന സമിതി സത്യപ്രതിജ്ഞ ചെയ്യേണ്ടതുമാണ്.** സത്യപ്രതിജ്ഞ ചെയ്ത അജപാലന സമിതിയുടെ പ്രഥമയോഗത്തിൽ വച്ചുതന്നെ ധനകാര്യ സമിതി രൂപീകരിക്കേണ്ടതും, **ഏപ്രിൽ 21 ന് മുമ്പായി രൂപതാ കൂരിയായിൽ നിന്നും നിയമന ഉത്തരവ് വാങ്ങേണ്ടതുമാണ്.** നിയമന ഉത്തരവു ലഭിച്ച ധനകാര്യസമിതി അംഗങ്ങൾ **ഏപ്രിൽ 23 ശനിയാഴ്ച കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് സത്യപ്രതിജ്ഞ ചെയ്ത് ദൗത്യം ഏറ്റെടുക്കേണ്ടതാണ്. ഏപ്രിൽ 24 ഞായറാഴ്ച ഇടവക ദൈവാലയത്തിൽ കുർബാനമദ്ധ്യേ ദൈവജനസമക്ഷം തങ്ങളുടെ ചുമതല ഔദ്യോഗികമായി ഏറ്റെടുക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയെക്കുറിച്ച് രൂപതാ ബി.സി.സി. കമ്മീഷൻ നൽകുന്ന നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്.

തെരഞ്ഞെടുപ്പു പ്രക്രിയയിൽ അനാരോഗ്യകരമായ പ്രചരണവും മത്സരവും ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യാതൊരുവിധ വിഭാഗീയ പരിഗണനകളും കക്ഷിരാഷ്ട്രീയ മത്സരവും തെരഞ്ഞെടുപ്പിൽ കടന്നുകൂടാൻ അനുവദിക്കരുത്. ദൈവാരൂപിയാൽ പ്രേരിതരായി അനുയോജ്യരായവരെ തെരഞ്ഞെടുക്കുകയാണു വേണ്ടത്. **'ഇടവക ആലോചനാ സമിതികൾ', 'നിയമാവലിയും മാർഗ്ഗനിർദ്ദേശങ്ങളും'** അനുസരിച്ചായിരിക്കണം ഇടവക തെരഞ്ഞെടുപ്പുകൾ നടത്തേണ്ടത്.

ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഇടവക സമിതികളും ഭാരവാഹികളും ഇതൊരു ദൈവവിളിയാണെന്നു മനസ്സിലാക്കി വിശ്വാസത്തോടും പ്രാർത്ഥനയോടുംകൂടി ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കണം. അങ്ങനെ ഇടവകകളിൽ പുതിയ ഉണർവ്വും ചൈതന്യവും വിവിധ സമിതികളുടെ പ്രവർത്തനങ്ങളിലൂടെ നമുക്കു കൈവരിക്കുവാൻ സാധിക്കും. ഒരേ ആത്മാവും ഒരേ ഹൃദയവുമുള്ള സമൂഹത്തെ കെട്ടിപ്പടുക്കുവാനുള്ള നമ്മുടെ സംരംഭങ്ങളെ നല്ലവനായ ദൈവം ഫലസമ്പന്നമാക്കട്ടെ.

പൈതൃകാശിസ്സുകളോടെ,

ഈശോ മറിയത്തിൽ,

✠ **സ്റ്റാൻലി റോമൻ**

കൊല്ലം മെത്രാൻ

28-01-2016

---

***NB:*** *ഈ ഇടയലേഖനം 2016 ഫെബ്രുവരി 7, 14 തീയതികളിൽ (ഞായറാഴ്ച) ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.*